സി.എൽ.റ്റി(2) 43550/17

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 03.01.2019
Website: www.cooperation.kerala.gov.in
Email : keralarcs.coop@kerala.gov.in
Phone No.0471-2330825

# സർക്കുലർ നമ്പർ . 1/2019

വിഷയം:- സഹകരണ വകുപ്പ് - കേരള സഹകരണ ചട്ടം ഭേദഗതി- പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയം - മാർഗ്ഗ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 03.08.2018 - ലെ ജി.ഒ(പി)90/2018/സഹ. ഉത്തരവ്.

******

സൂചന ഉത്തരവ് പ്രകാരം പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ നിലവിലുണ്ടായിരുന്ന ക്ലാസിഫിക്കേഷൻ വ്യവസ്ഥകൾ ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സൂചന ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ നടത്തേണ്ടതാണ്.
2) സൂചന ഉത്തരവിലെ വ്യവസ്ഥ പ്രകാരം പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയം ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം നടത്തിയിരിക്കേണ്ടതാണ്.

3) പുതുക്കിയ ക്ലാസിഫിക്കഷൻ വ്യവസ്ഥകൾക്ക് അനുസൃതമായി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയം തൊട്ടുമുൻവർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വേണം നടത്തേണ്ടത്. വായ്പാ ബാക്കി നിൽപ്പിൽ പ്രതിമാസ ആവറേജ് ആണ് കണക്കിലെടുക്കേണ്ടത്. (അനുബന്ധം 2 കാണുക)
4) ടി ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയിച്ച് അംഗീകാരം ലഭിക്കുന്നതിലേക്കായി ബാങ്കിന്റെ അപേക്ഷയോടൊപ്പം ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവും ആഡിറ്ററും സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട പ്രൊഫോർമ വിവരങ്ങൾ കൂടി സമർപ്പിക്കേണ്ടതാണ് (അനുബന്ധം 1 കാണുക).
5) പുതുക്കിയ ക്ലാസിഫിക്കേഷൻ പ്രകാരം ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കേണ്ടതും ആയത് നടപ്പിലാക്കുന്നതിന് ജോയിന്റ് രജിസ്ട്രാറുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതുമാണ്.
6) പുതുക്കിയ ക്ലാസിഫിക്കേഷൻ വ്യവസ്ഥ പ്രകാരം, ഏതെങ്കിലും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നിലവിലുള്ള ക്ലാസിഫിക്കേഷൻ നിലനിർത്താനായില്ലെങ്കിൽ തൊട്ട് താഴെയുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തി ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കേണ്ടതും തുടർന്നു വരുന്ന ഒരു വർഷ കാലാവധിക്കുശേഷവും യോഗ്യത കൈവരിക്കാനായില്ലെങ്കിൽ യോഗ്യതയ്ക്ക് ആനുപാതികമായ വിഭാഗത്തിൽ ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കേണ്ടതുമാണ്. പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദനീയമായതിൽ കൂടുതൽ ജീവനക്കാർ നിലവിൽ ജോലി നോക്കുന്നുണ്ടെങ്കിൽ ടി തസ്തികകൾക്ക് സംരക്ഷണം ഉണ്ടായിരിക്കുന്നതും ടി തസ്തികകൾ സൂപ്പർ ന്യൂമററിയായി കണക്കാക്കുന്നതും ഭാവി ഒഴിവുകളിൽ അഡ്ജസ്റ്റ് ചെയ്യുന്നതുമാണ്. ഇത്തരം ബാങ്കുകളിൽ സൂപ്പർ ന്യൂമറി തസ്തികകൾ അവസാനിക്കുന്നതു വരെ യാതൊരു കാരണവശാലും പുതിയ തസ്തികകൾ സൃഷ്ടിക്കാൻ പാടുള്ളതല്ല.

7) ഒരു പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിനെ ക്ലാസ് 1 വിഭാഗത്തിൽ ഉൾപ്പെടുത്തി തരം തിരിക്കുന്നതിന് ബാങ്കിന് 100 കോടിയിൽ കൂടുതൽ വായ്പ ബാക്കി നിൽപ്പ്, വായ്പ ഡിമാന്റിന്റെ 20% - ൽ അധികരിക്കാത്ത മാത്രം വായ്പ കുടിശ്ശികയും തൊട്ടുമുന്നത്തെ 3 വർഷത്തിൽ പ്രവർത്തന ലാഭവും ഉണ്ടായിരിക്കേണ്ടതുണ്ട്. ക്ലാസ് II വിഭാഗത്തിൽ ഉൾപ്പെടുത്തി തരംതിരിക്കുന്നതിന് വായ്പ ബാക്കിനിൽപ്പ് 50 കോടിയ്ക്കും 100 കോടിയ്ക്കും ഇടയിൽ ഉണ്ടാവേണ്ടതും, ഡിമാന്റിന്റെ 35% -ൽ അധികരിക്കാതെ മാത്രം വായ്പ കുടിശ്ശികയും, തൊട്ടു മുന്നത്തെ 5 വർഷങ്ങളിൽ, 2 വർഷങ്ങളിൽ പ്രവർത്തന ലാഭവും ഉണ്ടായിരിക്കേണ്ടതുണ്ട്. ക്ലാസ് I ലും II ലും ഉൾപ്പെടുത്താൻ വേണ്ട യോഗ്യതകൾ ആർജ്ജിക്കാത്ത ബാങ്കുകളെയെല്ലാം ക്ലാസ് III യിൽ ക്ലാസിഫൈ ചെയ്യേണ്ടതുമാണ്.

ചട്ടത്തിൽ പരാമർശിക്കുന്ന പ്രകാരം എല്ലാ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെയും ക്ലാസിഫിക്കേഷൻ നിശ്ചിത സമയ പരിധിക്കകം പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാരും (ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർമാരും(ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യുവേഷൻ ഓഫീസർമാരും ഉറപ്പാക്കേണ്ടതും, ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ ഒരു മാസത്തിനകം തീർപ്പാക്കേണ്ടതുമാണ്. ജില്ലാ, താലൂക്ക് തല ആഫീസുകളിലോ, യൂണിറ്റ് ഇൻസ്പെക്ടറുടെ കൈവശമോ യാതൊരു നടപടിയും എടുക്കാതെ പ്രൊപ്പോസലുകൾ സൂക്ഷിക്കുന്ന പക്ഷം ഇക്കാര്യത്തിൽ കർശന നടപടി ജോയിന്റ് രജിസ്ട്രാർ തലത്തിൽ സ്വീകരിക്കേണ്ടതാണ്.

എല്ലാ ബാങ്കുകളിലെയും ക്ലാസിഫിക്കേഷൻ സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതും അപ്രകാരം നിശ്ചിത സമയ പരിധിക്കകം പൂർത്തിയാക്കി എന്ന് ഉറപ്പ് വരുത്തി 31.03.2019 നകം ഒരു സർട്ടിഫിക്കറ്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. അതാത് ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസികളിൽ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയം നടത്തിയതുമായി

ബന്ധപ്പെട്ട് ചുവടെ പരാമർശിക്കും വിധം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | പഴയ ക്ലാസിഫിക്കേഷൻ(ഉത്തരവ് നമ്പർ സഹിതം) | പുതിയ ക്ലാസിഫിക്കേഷൻ (ഉത്തരവ് നമ്പർ സഹിതം) |
|---|---|---|---|
| | | | |

ക്ലാസിഫിക്കേഷൻ സംബന്ധിച്ചുള്ള എല്ലാ സംശയങ്ങളും അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ തീർപ്പ കല്പിക്കേണ്ടതാണ്. ക്ലാസിഫിക്കേഷൻ സംബന്ധിച്ച് നടപടികൾ സ്വീകരിക്കാത്ത ബാങ്കുകളെ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ക്ലാസിഫൈ ചെയ്യേണ്ടതാണ്. സൂചന സർക്കാർ ഉത്തരവിലെ ഇതര വ്യവസ്ഥകൾ ബാങ്കുകളുടെ ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട് പാലിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ വരുത്തേണ്ടതാണ്.

അനുവദനീയ തസ്തികകളിൽ അധികരിച്ച് അധിക ജീവനക്കാർ ബാങ്കുകളിൽ സേവനമനുഷ്ഠിക്കുന്നില്ലെന്ന് അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ ഉറപ്പ വരുത്തേണ്ടതും അപ്രകാരം ഇല്ലെന്നുറപ്പ് വരുത്തി മാത്രമേ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുന:നിർണ്ണയം നടത്തി നൽകുവാനും പാടുള്ളൂ.

01.04.2019 ന് ശേഷം ജില്ലയിൽ ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കാത്ത പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ ഇല്ലയെന്ന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ ഉറപ്പ വരുത്തേണ്ടതും ടി

വിഷയത്തിലെ വീഴ്ച ഗുരുതരമായി കണക്കിലെടുത്ത് തുടർ നടപടി സ്വീകരിക്കുന്നതിമായിരിക്കും.

സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ് II), അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി) എന്നിവർ ഇതു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ തലത്തിലുള്ള നടപടികൾ ഏകോപിപ്പിക്കേണ്ടതാണ്.

(ഒപ്പ്)

എസ്.ഷാനവാസ് ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ് :-

1. രജിസ്ട്രാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി (ഉപരിപത്രം സഹിതം) എറണാകുളം.
2. സെക്രട്ടറി, കേരള നിയമസഭ (ഉപരിപത്രം സഹിതം)
3. സെക്രട്ടറി, സഹകരണ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
4. എല്ലാ പി.സി.ആർ.ഡി.ബി കൾക്കും (അഡീഷണൽ രജിസ്ട്രാർ(ജനറൽ) മുഖേന.
5. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ
6. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർ.
7. എല്ലാ വാല്യൂവേഷൻ ആഫീസർമാർ
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) (ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
10. എഡിറ്റർ സഹകരണവീഥി
11. എഡിറ്റർ സഹകരണ ജേണൽ
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
13. വെബ് സൈറ്റ്
14. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ ( സി.എൽ. റ്റി)

എസ്

# പ്രൊഫോർമ

## സർക്കുലർ - 1/2019 അനുബന്ധം (പേജ് - 1)

| | | | | | | |
|---|---|---|---|---|---|---|
| 1. | സംഘത്തിന്റെ പേര് | | | | | |
| 2. | വിലാസം | | | | | |
| 3. | രജിസ്റ്റർ ചെയ്ത തീയതി | | | | | |
| 4. | പ്രവർത്തനം ആരംഭിച്ച തീയതി | | | | | |
| 5. | നിലവിലെ ക്ലാസിഫിക്കേഷൻ (ചട്ടം 188 പ്രകാരം) | | | | | |
| 6. | എന്നു മുതലാണ് തരം തിരിച്ചത് | | | | | |
| 7. | ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ് നമ്പർ/തീയതി | | | | | |
| 8. | വായ്പ ബാക്കി നിൽപ്പ് | 2013-2014 | 2014-2015 | 2015-2016 | 2016-2017 | 2017-2018 |
| 9. | ആഡിറ്റ് ക്ലാസിഫിക്കേഷൻ | | | | | |
| 10. | ലാഭം (ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം) | | | | | |
| 11. | നഷ്ടം ( ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം) | | | | | |
| 12. | ലാഭം/നഷ്ടം (താൽക്കാലിക കടധന പട്ടിക പ്രകാരം) | | | | | |
| 13. | ഓഹരി | | | | | |
| 14. | ഡിവിഡന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ? | | | | | |
| 15. | ഉണ്ടെങ്കിൽ എത്ര ? | | | | | |
| 16. | ഏതു വർഷം വരെ ആഡിറ്റ് പൂർത്തിയാക്കി ? | | | | | |
| 17. | അവസാനം പൊതുയോഗം കൂടിയത് | | | | | |
| 18. | ആകെ ബാക്കി നിൽപ്പ് വായ്പകൾ | | | | | |
| 19. | വായ്പ കുടിശ്ശിക (ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം) | | | | | |
| 20 | വായ്പ കുടിശ്ശിക % (ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം) | | | | | |
| 21. | നിലവിലുള്ള ജീവനക്കാർ തസ്തിക തിരിച്ച് (പ്രത്യേകം പട്ടിക അടക്കം ചെയ്യണം) | | | | | |
| | അനുവാദം ലഭിച്ച ഉത്തരവ് നമ്പർ/ തീയതി (പകർപ്പ് അടക്കം ചെയ്യണം) | | | | | |

| ക്രമ നമ്പർ | ശാഖകളുടെ എണ്ണം | പേര് | ആരംഭിച്ച തീയതി | ശാഖകളിൽ നിലവിലുള്ള ജീവനക്കാർ |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |

സെക്രട്ടറി ആഡിറ്റർ യൂണിറ്റ് ഇൻസ്പെക്ടർ

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)

## ANNEXURE PAGE 2

Name of the PCARDB

Financial Position Amount in Lakhs

| 1 | 2 | 3 | 4 |
|---|---|---|---|
| Financial Year 20.....20....Month | Monthly Average Loan Outstanding | Over due | Percentage at Over due |
| April | | | |
| May | | | |
| June | | | |
| July | | | |
| August | | | |
| September | | | |
| October | | | |
| November | | | |
| December | | | |
| January | | | |
| February | | | |
| March | | | |
| | | | |

സെക്രട്ടറി ആഡിറ്റർ യൂണിറ്റ് ഇൻസ്പെക്ടർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)